## തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : ശ്രീ. പി.ആർ സജികുമാർ)

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്നും സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

സൂചന :
1) സ.ഉ (കൈ) നം. 89/2017/തസ്വഭവ തീയതി 28.04.2017.
2) സ.ഉ (പി) നം. 7/2016/ഫിൻ തീയതി 20.01.2016.
3) ഈ ഓഫീസിലെ 03.05.2017-ലെ എ1-5930/2017/സിഇ/തസ്വഭവ നമ്പർ ഉത്തരവ്
4) ഈ ഓഫീസിലെ 08.05.2017-ലെ എ1-5930/2017/സിഇ/തസ്വഭവ(1) നമ്പർ ഉത്തരവ്
5) 03.08.2017-ലെ ഗസറ്റ് വിജ്ഞാപനം നം. 1651 വാല്യം 6
6) 19.04.2016-ലെ എ1-1002/13/സിഇ/തസ്വഭവ (ജെ.എസ്) നമ്പർ ജൂനിയർ സൂപ്രണ്ടുമാരുടെ അന്തിമ മുൻഗണനാപ്പട്ടിക

## ഉത്തരവ് നം. എ1-10700/2017/സി.ഇ/തസ്വഭവ തീയതി 11.08.2017

തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിൽ സൂചന (1) പ്രകാരം പുതുതായി അനുവദിച്ച 31 മിനിസ്റ്റീരിയൽ തസ്തികകൾ സൂചന (3), (4) പ്രകാരം ക്രമീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. ഇവയിൽ ഉൾപ്പെട്ട ഒരു സീനിയർ സൂപ്രണ്ട് തസ്തികയിലേക്ക് സൂചന (6) പ്രകാരം പ്രസിദ്ധീകരിച്ച ജൂനിയർ സൂപ്രണ്ടുമാരുടെ അന്തിമ മുൻഗണനാപ്പട്ടികയിലെ ഏറ്റവും സീനിയർമോസ്റ്റായ, സൂചന (5) ഗസറ്റ് വിജ്ഞാപനത്തിലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ. അനിൽ കുമാർ. എൻ-നെ സുചന (3) ഉത്തരവിലൂടെ സീനിയർ സൂപ്രണ്ട് തസ്തിക ക്രമീകരിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 28 (ബി) (i) പ്രകാരം 36600-79200 എന്ന ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ / ഓഫീസ് മേധാവികൾ ടിയാനെ വിടുതൽ ചെയ്ത് വിവരം യഥാസമയം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

ഒപ്പ്
**ചീഫ് എൻജിനീയർ**

പകർപ്പ് :
1) അക്കൗണ്ടന്റ് ജനറൽ, കേരള ബ്രാഞ്ച് : തൃശ്ശൂർ
2) ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്
3) എക്സി. എഞ്ചിനീയർ, തസ്വഭവ ഡിവിഷൻ, തിരുവനന്തപുരം
4 സീനിയോരിറ്റി സെൽ, ചീഫ് എഞ്ചിനീയറുടെ ഓഫീസ്, എൽ.എസ്.ജി.ഡി
5) എ1 സെക്ഷൻ
6) സ്റ്റോക്ക് ഫയൽ

അംഗീകാരത്തോടെ,

**ജൂനിയർ സൂപ്രണ്ട്**
(അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല)

P 1363